## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 26.06.2012 ൽ

ചോദ്യം നമ്പർ : 3807 മറുപടിക്ക്

### ഉൽപാദനമേഖലയിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഉൽപാദന മേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര എണ്ണമാണ് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) 2011-12 സാമ്പത്തിക വർഷത്തെ പ്രവർത്തനം സംബന്ധിച്ച് കമ്പനികളിൽ നിന്നും ലഭിച്ച താല്ക്കാലിക കണക്കുകൾ പ്രകാരം കാപ്പെക്സ് ഉൾപ്പെടെ 17 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് ലാഭത്തിലായിരുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ ഇപ്പോൾ നഷ്ടത്തിലായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (ബി) കമ്പനികളിൽ നിന്നും ലഭ്യമായ പുതുക്കിയ താല്ക്കാലിക കണക്ക് പ്രകാരം 2010-11ൽ ലാഭത്തിൽ ആയിരുന്നു എന്ന് റിപ്പോർട്ട് ചെയ്തിരുന്ന 11 കമ്പനികൾ നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 2010–11 ൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, ട്രാക്കോകേബിൾ കമ്പനി ലിമിറ്റഡ്, ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, സീതാറാം ടെക്സ്റ്റൈൽസ്, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (സി) എങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ? | (സി) ഉല്പാദന ചെലവുകളിൽ ഉണ്ടായ വർദ്ധനയാണ് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് നഷ്ടമുണ്ടാകാനുള്ള പ്രധാന കാരണം. കെ.എസ്.ഇ.ബി.യിൽ നിന്ന് ഓർഡറുകൾ ലഭിക്കുവാനുള്ള താമസം ആണ് ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ നഷ്ടത്തിന് കാരണം. ടെക്സ്റ്റൈൽ മേഖലയിലുള്ള മാന്ദ്യമാണ് ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, സീതാറാം ടെക്സ്റ്റൈൽസ്, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങ ളുടെ നഷ്ടത്തിന് കാരണം. |

സെക്ഷൻ ഓഫീസർ